(സി) പോലീസ് സംവിധാനത്തിൽ ജനങ്ങൾക്ക് വിശ്വാസമില്ലാതെ വരുന്ന സാഹചര്യങ്ങളൊന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്ത് പോലീസ് കംപ്ലയിന്റ് അതോറിറ്റി

118 (7681) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് കംപ്ലയിന്റ് അതോറിറ്റി പ്രവർത്തിക്കുന്നുണ്ടോ ;

(ബി) അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) പ്രസ്തുത സംവിധാനം കാര്യക്ഷമമാക്കാനും വ്യാപിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രവർത്തിക്കുന്നുണ്ട്.

(ബി) 2011-ലെ കേരള പോലീസ് ആക്ടിലെ സെക്ഷൻ 110 പ്രകാരം പോലീസ് സൂപ്രണ്ട് മുതൽ മുകളിലോട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുതൽ താഴെ റാങ്കിലുള്ള ഏത് പോലീസ് ഉദ്യോഗസ്ഥന്റെയും പേരിലുള്ള പരാതികൾ ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയും പരിശോധിക്കുന്നു. ഇവയിൽ ഗുരുതര സ്വഭാവമുള്ള പരാതികൾ അതായത്, കസ്റ്റഡിയിലുള്ള സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനം, ബലാൽസംഗം, മരണത്തിനിടയാക്കുന്ന പരിക്കേൽപ്പിക്കൽ, ഗുരുതരമായ പരിക്കേൽപ്പിക്കൽ എന്നിവ സംബന്ധിച്ച പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതികൾ ഉൾപ്പെടെ പരിഗണിക്കുന്നുണ്ട്.

(സി) പ്രസ്തുത സംവിധാനം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജനകീയ പോലീസ് സംവിധാനം

119 (7682) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയ പോലീസ് സംവിധാനമായ ജനമൈത്രീ പോലീസ്, പോലീസിന്റെ കേസന്വേഷണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനമൈത്രി പോലീസ് സംവിധാനത്തിലുള്ള കമ്മിറ്റിയിലെ ഏതാനും വ്യക്തികളുടെ അഭിപ്രായത്തിന് പോലീസ് സംവിധാനം വഴങ്ങുന്നതിന് ഇത് കാരണമാകുന്നുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) തെളിവുകളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിലാണ് പോലീസ് കേസന്വേഷണം നടത്തുന്നത്.

സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്

120 (7663) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.ഐ.എസ്.എഫ്. മാതൃകയിൽ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിന്റെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിന് ലഭിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സി.ഐ.എസ്.എഫ്. മാതൃകയിൽ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (എസ്.ഐ.എസ്.എഫ്.)-ന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പോലീസ് സേനാംഗങ്ങളെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് ഇതിലേക്ക് നിയമിക്കുന്നത്.

(ബി) സംസ്ഥാനത്തെ വിവിധ ബാങ്കുകളിലേക്കും പൊതുമേഖല/ പ്രൈവറ്റ് സ്ഥാപനങ്ങളിലേക്കും ആവശ്യമായ സെക്യൂരിറ്റി പ്രദാനം ചെയ്യുക എന്നുള്ളതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം.

(സി) എസ്.ഐ.എസ്.എഫ്-ന് പ്രത്യേകിച്ച് കേന്ദ്രസഹായങ്ങളൊന്നും ലഭിക്കുന്നില്ല.

(ഡി) എസ്ഐഎസ്എഫ്-നുവേണ്ടി പ്രത്യേകിച്ച് കേന്ദ്രസഹായങ്ങളൊന്നും ആവശ്യപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly